# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 198** 16.08.2017-ൽ **മറുപടിക്ക്**

## പ്രസരണശൃംഖലയുടെ ആധുനികവൽക്കരണം

| | ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ആന്റണി ജോൺ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. ഡി.കെ. മുരളി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന് കെ. എസ്. ഇ.ബി. പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കുമോ; | (എ) | ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം ലളിതമാക്കുകയും കണക്ഷനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ ആണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖ, വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, തുടങ്ങിയ കുറെയധികം രേഖകൾ ഹാജരാക്കണമെന്ന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) ഇറക്കിയിട്ടുള്ള സപ്ളൈ കോഡ്, 2014 ൽ നിഷ്കർഷിച്ചിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ |

ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുവാനും നിർദ്ദേശിച്ചതനുസരിച്ച് റെഗുലേറ്ററി കമ്മിഷൻ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ. എസ്. ഇ. ബി. ലിമിറ്റഡ് അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസ ഗൃഹങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്ന താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നല്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

കൂടാതെ ഉപഭോക്താക്കളുടെ വിവിധ അപേക്ഷകൾ (പുതിയ കണക്ഷൻ, ഉടമസ്ഥാവകാശമാറ്റം മുതലായവ) സ്വീകരിക്കുന്നതിനും കെ. എസ്. ഇ. ബി. ലിമിറ്റഡുമായി ബന്ധപ്പെട്ട പണമിടപാടുകൾക്കുമായി ഏകജാലക സംവിധാനം എന്ന നിലയിൽ ഉപഭോക്തൃ സേവനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്.

സംസ്ഥാനത്ത് ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന ക്രമീകരണങ്ങൾ പുതിയതായി ഏർപ്പെടുത്തിയിട്ടുണ്ട്.

1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്. എം. എസ്. മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.
2. വൈദ്യുതി തടസ്സം സംബന്ധിച്ച

| | | | |
|---|---|---|---|
| | | | വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്. എം. എസ് മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി.<br>3. പേ.റ്റി.എം (പേ ത്രൂ മൊബൈൽ), എം. പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.<br>4. അപ്ന സി.എസ്.സി എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.<br>5. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.<br>6. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നും ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.<br>7. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തി.<br>8. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.<br>9. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്താനുള്ള "1912" എന്ന കേന്ദ്രീകൃത കാൾസെന്ററിൽ ടോൾഫ്രീ സംവിധാനം. |

| | | | |
|---|---|---|---|
| (ബി) | പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനായി മുൻ എൽ.ഡി.എഫ്. സർക്കാർ തുടങ്ങിവച്ചതും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുടങ്ങിപ്പോയതുമായ തിരുനെൽവേലി-എടമൺ - കൊച്ചി - മാടക്കത്തറ പ്രസരണ ലൈനിന്റെ പണി പുനരാരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ബി) | ഇടമൺ മുതൽ കൊച്ചി വരെയുള്ള 400 കെ.വി. ലൈനിന്റെ മുടങ്ങിക്കിടന്ന നിർമ്മാണ പ്രവർത്തനങ്ങൾ പവർഗ്രിഡ് കോർപ്പറേഷൻ ഇതിനകം പുനരാരംഭിച്ചിട്ടുണ്ട്. സർക്കാർ പുതുക്കി നിശ്ചയിച്ച നഷ്ടപരിഹാര പാക്കേജ് അനുസരിച്ചുള്ള തുക അതാതു പ്രദേശങ്ങളിലെ ഭൂവുടമസ്ഥർക്ക് വിതരണം ചെയ്തു തുടങ്ങി. ആദ്യ ഘട്ടത്തിൽ ടവർ നിർമ്മിക്കുന്ന സ്ഥലത്തിനുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്. കൊല്ലം, എറണാകുളം, കോട്ടയം, പത്തനംതിട്ട, ജില്ലകളിലായി ആകെ 445 ടവറുകൾ നിർമ്മിക്കാനുള്ളതിൽ 205 ടവറുകളുടെ ഫൗണ്ടേഷനുകളുടെ പണികളും 124 ലൊക്കേഷനുകളിൽ ഇറക്ഷൻ ജോലികളും 12 കിലോമീറ്ററിൽ ലൈൻ വലിക്കലും ഇതിനകം പൂർത്തിയായിട്ടുണ്ട്. പൂർത്തീകരിച്ച ഫൗണ്ടേഷനുകളുടെ സ്ഥല ഉടമകൾക്ക് നഷ്ടപരിഹാരം നൽകിക്കൊണ്ടിരിക്കുന്നു. ഇവിടെ ഉണ്ടായിരുന്ന വൃക്ഷങ്ങളുടെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കിയുള്ള ഭൂവുടമകൾക്ക് നഷ്ടപരിഹാരം അതാതു ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ മുഖേന ലഭ്യമാക്കുന്നതാണ്. |
| (സി) | പ്രസരണശൃംഖല ആധുനികവൽക്കരിച്ച് പ്രസരണശേഷി ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമാക്കിയുള്ള ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ വിശദാംശം നൽകുമോ; പദ്ധതിയുടെ പുരോഗതി അറിയിക്കുമോ? | (സി) | 400 കെ.വി നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പുഗലൂർ-മാടക്കത്തറ 2000MW HVDC ഇടനാഴിയുടെ അനുമതി ലഭിച്ചതിന്റെ ഭാഗമായുള്ള വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്ലാനിംഗ് നിലവാരമനുസരിച്ചുള്ള പ്രസരണശൃംഖല നിർമ്മിക്കുന്നതിനു |

മായി കെ. എസ്. ഇ. ബി. ലിമിറ്റഡിന് ദീർഘകാല പ്രസരണ പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആകെ 10,000 കോടി രൂപയുടെ ജോലികളാണ് ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയെ രണ്ട് പ്രധാന ഘട്ടങ്ങളിലായുള്ള വർക്കുകളും ഒരു ഹരിതോർജ്ജ ഇടനാഴി പദ്ധതിയും, ഡൗൺ സ്ട്രീം ശൃംഖലയുടെ ശാക്തീകരണവുമായി തരംതിരിച്ചിരിക്കുന്നു.

ഒന്നാം ഘട്ടത്തിലെ വർക്കുകൾ 2017-19 കാലയളവിലും രണ്ടാംഘട്ട വർക്കുകൾ 2019-22 കാലയളവിലും പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ എട്ട് 220 കെ.വി സബ്സ്റ്റേഷനുകളുടെയും ഒരു 400 കെ.വി സബ്സ്റ്റേഷന്റെയും, 4 ലൈൻ പാക്കേജുകളുടെയും നിർമ്മാണം തുടങ്ങാൻ ഉദ്ദേശിക്കുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ ഒന്നാം ഘട്ട പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.49 കോടി രൂപയുടെ ചെലവ് ഉണ്ടാകുകയും 17 കോടി രൂപയുടെ വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു.

ഈ വർഷം തുടങ്ങാനുദ്ദേശിക്കുന്ന എല്ലാ ലൈനുകളുടെയും പ്രാരംഭ സർവ്വേ പൂർത്തിയായിട്ടുണ്ട്. 8 സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണ്.

ഒരു 400 കെ.വി സ്റ്റേഷന് കോട്ടയം ജില്ലയിലും ഒരു 220 കെ.വി ട്രാൻസിഷൻ സ്റ്റേഷന് എറണാകുളത്തും സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്.

ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുന്ന മലപ്പുറം - മഞ്ചേരി 66 കെ.വി. ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ വർക്ക് ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. ഏറനാട് 400/220 കെ.വി ലൈൻസ് പാക്കേജിന്റെയും HTLS പാക്കേജിന്റെയും ജോലികൾ ടെൻഡർ ചെയ്യുകയുണ്ടായി.

| | | | |
|---|---|---|---|
| | | | HVDC ലിങ്ക് വഴി മാടക്കത്തറയിലെത്തുന്ന അധിക വൈദ്യുതി കേരളത്തിന്റെ വടക്കൻ ജില്ലകളിലേയ്ക്ക് എത്തിക്കുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. മാടക്കത്തറ - അരീക്കോട് ലൈനിന്റെ ശേഷി വർദ്ധിപ്പിക്കലും വോൾട്ടത ഉയർത്തലും ലക്ഷ്യമിടുന്നതാണ് ഏറനാട് ലൈൻസ് പാക്കേജ്.<br>നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് കക്കയം - നല്ലളം, നല്ലളം - കൊയിലാണ്ടി 110കെ വി ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കാനുദ്ദേശിച്ചിട്ടുള്ളതാണ് ട്രാൻസ്ഗ്രിഡിലെ HTLS ലൈൻസ് പാക്കേജ്.<br>കേന്ദ്രഗവൺമെന്റിന്റെ PSDFഫണ്ടിൽ നിന്നും ഏറനാട് ലൈൻസ് പാക്കേജിന് 90% ഗ്രാന്റും HTLS പാക്കേജിന് 75% ഗ്രാന്റും അനുവദിച്ചിട്ടുണ്ട്. ആകെ 400കോടി രൂപയാണ് ഗ്രാന്റായി പ്രസ്തുത പദ്ധതികൾക്ക് PSDF നിന്നും അനുവദിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**